**പതിമൂന്നാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3259** **20.06.2014-ൽ മറുപടിക്ക്**

## അനാഥാലയങ്ങളെ നിയന്ത്രിക്കാൻ അതോറിറ്റി

ചോദ്യം ഉത്തരം

ശ്രീ. കെ..മുഹമ്മദുണ്ണി ഹാജി

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി )

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളെ നിയന്ത്രിക്കുവാനും അവർക്ക് രജസ്ട്രേഷൻ നൽകുന്നതിനും, പുതുക്കുന്നതിനും വ്യവസ്ഥാപിതമായി ഏതെങ്കിലും ഏജൻസിയോ, കൺട്രോൾ ബോർഡോ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. The Orphanages and Other charitable homes supervision and control Act, 1960 പ്രകാരം രൂപികരിച്ചിട്ടുള്ള ബോർഡ് ഓഫ് കൺട്രോൾ ഫോർ ദി ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരള പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ഇത് എന്ന് മുതൽ പ്രവർത്തിക്കുന്നുവെന്നും, ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | 1962ലെ കേരള സ്റ്റേറ്റ് ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് ബോർഡ് കൺട്രോൾ റൂൾസ് സംബന്ധിച്ച് 1963-ൽ നിലവിൽവന്ന റഗുലേഷൻ അനുസരിച്ചാണ് ഓർഫനേജ് കൺട്രോൾ ബോർഡ് പ്രവർത്തിച്ചുവരുന്നത്. |
| (സി) | ഇവയുടെ പ്രവർത്തന മേഖലയും; ഉദ്ദേശ്യലക്ഷ്യങ്ങളും,അധികാര വും വിശദമാക്കുമോ; | (സി) | അനാഥാലയങ്ങളുടെ മാനേജ്മെന്റ് സംബന്ധിച്ച എല്ലാ കാര്യങ്ങളും സൂപ്പർവൈസ് ചെയ്യുന്നതും കൺട്രോൾ ചെയ്യുന്നതും ഓർഫനേജ് കൺട്രോൾ ബോർഡാണ്. OCB ആക്ടിലെ വ്യവസ്ഥയും കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നത്. സ്ഥാപനങ്ങളുടെ പരിശോധനയും കാലാകാലങ്ങളിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കേണ്ടതും ബോർഡിന്റെ ഉത്തരവാദിത്വമാണ്. |
| (ഡി) | ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്; | (ഡി) | ബോർഡിൽ 15 അംഗങ്ങളാണ് ഉള്ളത്. ഇവർ താഴെ പറയും പ്രകാരമാണ്.<br>(1) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു എം.പി. (നോമിനേഷൻ ആയിട്ടില്ല.)<br>(2) സംസ്ഥാന അസംബ്ലിയിൽ നിന്ന് തിരഞ്ഞെടുക്കുന്ന 3 എം.എൽ.എ മാർ നിലവിൽ ശ്രീ.കെ.മുഹമ്മുണ്ണി ഹാജി |

| | | | |
|---|---|---|---|
| | | | എം.എൽ.എ, ശ്രീ.പി.റ്റി.എ.റഹീം.എം.എൽ.എ, ശ്രീ.ഡൊമിനിക് പ്രസന്റേഷൻ എം.എൽ.എ എന്നിവരാണ്<br>(3)സർക്കാർ നോമിനേറ്റ് ചെയ്യുന്ന 5 പ്രതിനിധികൾ നിലവിൽ ശ്രീ.പി.സി.ഇബ്രാഹിം മാസ്റ്റർ, ശ്രീ.റവ.ഡോ.കുര്യാക്കോസ് മൂലയിൽ, ശ്രീമതി.അനീന ജോസഫ് മാത്യു, സിസ്റ്റർ വിനീത, ശ്രീമതി.അഡ്വ.തുളസി എന്നിവരാണ്.<br>(4) സ്ഥാപന പ്രതിനിധികളിൽ നിന്നും preferential voting system ത്തിലൂടെ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ.<br>ഇലക്ഷൻ 26.04.2014ൽ കഴിഞ്ഞു. നോട്ടിഫിക്കേഷൻ വന്നിട്ടില്ല.<br>സർക്കാർ നിശ്ചയിച്ചിരിക്കുന്ന മെമ്പർ സെക്രട്ടറി, ശ്രീ.കെ.കെ.മണി. |
| (ഇ) | ഇത്തരത്തിൽ ഒരു ബോർഡ് ഉണ്ടായിരിക്കേ മറ്റ് ഏജൻസികൾ അനാഥ, അഗതി മന്ദിരങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) യും (എഫ്) ഉം | അനാഥ അഗതിമന്ദിരങ്ങളിൽ കഴിഞ്ഞുവരുന്നത് കുട്ടികൾ, വൃദ്ധർ, ഉപേക്ഷിക്കപ്പെട്ടവർ, സ്ത്രീകൾ, വിഭിന്നശേഷിയുള്ളവർ തുടങ്ങിയവരാണ്. അതാത് മേഖലകളിൽ പ്രവർത്തിച്ചുവരുന്ന കേന്ദ്ര സംസ്ഥാന കമ്മീഷനുകൾ ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ കാര്യത്തിൽ നിയമാനുസൃതമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഏകീകൃത ഏജൻസി ഉണ്ടാക്കുന്നത് പ്രായോഗികമല്ല. ഒരേ വിഷയത്തിൽ തന്നെ ഒന്നിലധികം ഏജൻസികൾ വരുന്നത് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കും അനാഥ/അഗതി മന്ദിരങ്ങളുടെ പ്രവർത്തനം കേന്ദ്ര നിയമത്തിന്റെ കീഴിൽ വരുന്നതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് അവയിൽ മാറ്റം വരുത്താൻ കഴിയില്ല. |
| എഫ് | എങ്കിൽ ഇത് സംബന്ധിച്ച് ഒരു ഏകീകൃത അതോറിറ്റി ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ